പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 597

26.4.2017 -ൽ മറുപടിയ്ക്ക്

## വിദേശ ടൂറിസ്റ്റുകളുടെ കുറവ്

**ചോദ്യം**

ശ്രീ.അബ്ദുൽ ഹമീദ് പി. :

**മറുപടി**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി).

എ) കേരളത്തിലേയ്ക്കുള്ള വിദേശ ടൂറിസ്റ്റുകളുടെ വരവ് ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിജസ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ;

എ) കേരളത്തിലേയ്ക്കുള്ള വിദേശ ടൂറിസ്റ്റുകളുടെ വരവ് കുറഞ്ഞിട്ടില്ല. കഴിഞ്ഞ രണ്ട് വർഷത്തെ വിദേശ ടൂറിസ്റ്റുകളുടെ വരവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | വിദേശ വിനോദസഞ്ചാരികൾ | വളർച്ചാ നിരക്ക് |
|---|---|---|
| 2015 | 9,77,479 | 5.86% |
| 2016 | 10,38,419 | 6.23% |

ബി) വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

ബി) വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

- കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നു.
- ഉത്തരവാദിത്ത ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ/ഓഫ് ലൈൻ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.
- നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| | | | • കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി വരുന്നു.<br>• വിനോദസഞ്ചാരികളെയും കലാസ്വാദകരേയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ കേരള ടൂറിസത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു വരുന്നു. |
| സി) | തെരുവ് നായകളുടെ ആക്രമണ ഭീഷണിമൂലം വിദേശ ടൂറിസ്റ്റുകളുടെ വരവിൽ കുറവുണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | സി) | തെരുവ് നായകളുടെ ആക്രമണ ഭീഷണിമൂലം വിദേശ ടൂറിസ്റ്റുകളുടെ വരവിൽ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ